**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 979** **02-02-2026 - ൽ മറുപടിയ്ക്ക്**

**വനമേഖലയുടെ വേനൽക്കാല സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. ഇ കെ വിജയൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ആവാസവ്യവസ്ഥയുടെയും കാലാവസ്ഥയുടെയും കാവൽനിലയമായ വനമേഖലയെ വേനൽക്കാലത്ത് കാട്ടുതീയിൽ നിന്നും സംരക്ഷിക്കുന്നതിന് വേണ്ടി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദീകരിക്കുമോ; | (എ) | **വനമേഖലയെ വിവിധ ഫയർ ബ്ലോക്കുകളായി തിരിച്ച്, ആയതിന് അനുസരിച്ച് ഫയർ പ്ലാനുകൾ തയ്യാറാക്കി പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വനമേഖലയോട് ചേർന്ന് നിൽക്കുന്ന ജനവാസമേഖലയിൽ ബോധവൽക്കരണം നടത്തുക, ബയോമാസ് റിമൂവൽ, ഫയർ ലൈൻ നിർമ്മാണം, കൺട്രോൾ/ഏർളി ബേണിങ്, ഫയർ ബ്രേക്കുകളുടെ നിർമ്മാണം, കൂപ്പ് റോഡുകളുടെ മെയിന്റനൻസ്, ഫയർഗ്യാങ്ങുകളുടെ രൂപീകരണം, ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം, വിസ്റ്റ ക്ലിയറൻസ്, താൽക്കാലിക വാച്ച് ഷെഡ്ഡുകളുടെ നിർമ്മാണം, ഫയർ കൺട്രോൾ റൂമുകളുടെ പ്രവർത്തനം, മറ്റ് മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ, ഫയർ പ്രതിരോധ ഉപകരണങ്ങളുടെ വിതരണം, തുടർച്ചയായ അവലോകനം തുടങ്ങിയ പ്രവർത്തനങ്ങൾ കാട്ടുതീ പ്രതിരോധത്തിനായി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.** |
| (ബി) | വേനൽക്കാലത്ത് ആഹാരവും ജലവും തേടി വന്യമൃഗങ്ങൾ ജനവാസ മേഖലയിലേക്ക് കടക്കുന്നത് ഒഴിവാക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദീകരിക്കുമോ; | (ബി) | **വനമേഖലകളിൽ ഭക്ഷ്യ-ജല സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ചെക്ക് ഡാമുകളുടെ നിർമ്മാണം, നിലവിലുള്ള ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം, പുൽമേടുകളുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾ, അധിനിവേശ സസ്യങ്ങളുടെ നിർമ്മാർജ്ജനം, വയലുകളുടെ പുനസ്ഥാപനം, സീഡ് ബാൾ വിതരണം, ഇക്കോ റെസ്റ്റോറേഷൻ, വന്യമൃഗങ്ങൾ ജനവാസമേഖലകളിലേക്ക് എത്തിച്ചേരുന്നത് തടയുന്നതിനായി പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ നടത്തിവരുന്നു.** |
| (സി) | ഉൾവനങ്ങളിലെ ജലാശയങ്ങളിലും തോടുകളിലും വേനൽക്കാലത്തും ജലസമൃദ്ധി നിലനിർത്തുന്നതിന് വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (സി) | **ഉൾവനങ്ങളിലെ ജലാശയങ്ങൾ, തോടുകൾ തുടങ്ങിയവ പുനരുദ്ധാരണം ചെയ്തുവരുന്നു. വനത്തിലെ അരുവികൾ, തോടുകൾ എന്നിവിടങ്ങളിൽ സ്ഥിരമായതോ,** |

| | | | |
|---|---|---|---|
| | | | **താൽക്കാലികമായതോ ആയ തടയണകൾ നിർമ്മിച്ച് വന്യമൃഗങ്ങളുടെ ജലലഭ്യത ഉറപ്പുവരുത്തുന്നു. കൂടാതെ ആവശ്യമായ ഇടങ്ങളിൽ പുതിയ ജലസ്രോതസ്സുകൾ നിർമ്മിച്ചുകൊണ്ട് ജലദൗർലഭ്യം പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.** |
| (ഡി) | കാട്ടുതീ ഉത്ഭവിക്കാൻ സാധ്യതയുള്ള വനപ്രദേശങ്ങളിലെ ഹോട്ട്സ്പോട്ടുകൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രദേശങ്ങളിൽ കാട്ടുതീ പ്രതിരോധിക്കുന്നതിനാവശ്യമായ ജലലഭ്യത ഉറപ്പാക്കുന്നതിനായി ഹൈഡ്രന്റ് പോയിന്റുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ? | (ഡി) | **ഉണ്ട്; നിലവിലുള്ള വനപ്രദേശത്ത് കാട്ടുതീ സാധ്യതാ പ്രദേശങ്ങൾ കണ്ടെത്തുകയും ഇവയെ ഹൈ, മോഡറേറ്റ്, ലോ എന്നിങ്ങനെ വർഗ്ഗീകരിക്കുകയും ചെയ്തിട്ടുണ്ട്. മിഷൻ ഫുഡ് ഫോഡർ വാട്ടർ പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ ചെക് ഡാമുകൾ, ബ്രഷ് വുഡ് ചെക്ക് ഡാമുകൾ, കുളങ്ങൾ എന്നിവയുടെ നിർമ്മാണം നടന്നുവരുന്നു. ഈ ജലസ്രോതസ്സുകൾ എല്ലാം തന്നെ ഹൈഡ്രന്റ് പോയിന്റുകളായും പ്രയോജനപ്പെടുത്തുന്നു.** |

സെക്ഷൻ ഓഫീസർ